# സത്യാരാധന

ഹൂഗോ മെക്കോർഡ്

കർത്തൃമേശക്കുള്ള അപ്പവും വീഞ്ഞും തയ്യാറാക്കുന്ന മുറിയിലേക്ക് ചില കുട്ടികൾ കടന്നു ചെന്ന് അവരെ സഹായിച്ചു. അവർ ആരാധിക്കുകയായിരുന്നോ? ഭൗതികമായി ചില ക്രിസ്ത്യാനികൾ എടുക്കുന്നതുപോലെയായിരുന്നു ആ കുട്ടികളും ഭൗതികമായി കൈകാര്യം ചെയ്തത്. എങ്ങനെയായാലും കുട്ടികളുടെ പ്രവൃത്തികൾ ആരാധനയായിരുന്നില്ല. അതുപോലെയാണ് ക്രിസ്ത്യാനികൾ ഭൗതികമായി കർത്തൃമേശയിൽനിന്നു പങ്കെടുക്കുന്നതും, കാരണം ആരാധന അതിലുപരിയാണ്.

## എന്താണ് ആരാധന

### ദൈവത്തിലേക്ക് പകരുന്ന ഒന്ന്

"യോഗ്യനായ ഒരു വ്യക്തിക്ക് ആദരവും ബഹുമാനവും അർപ്പിക്കുക" എന്നതാണ് ആരാധന എന്നാൽ.[1] "നമസ്ക്കരിക്കുക" എന്ന ക്രിയയെ *വെബ്സ്റ്റേഴ്സ് ഡിക്ഷ്ണറി* നിർവ്വചിക്കുന്നത് ഇങ്ങനെയാണ്: "ദൈവത്തോടുള്ള ഭയഭക്തിയാണ്; മതപരമായ ഉപാസന അല്ലെങ്കിൽ വന്ദിക്കൽ."[2] സാധാരണ ആളുകൾ തങ്ങളുടെ സൃഷ്ടികർത്താവിനെ ആരാധിക്കുവാൻ ആഗ്രഹിക്കുന്നു. ശരിയായി-ചിന്തിക്കുന്ന ഏതൊരാളും ദൈവത്തോട് ആദരവോടുകൂടിയായിരിക്കും പ്രതികരിക്കുക. "യഹോവയുടെ ആലയത്തിലേക്ക് നമുക്ക് പോകാം" എന്നായിരിക്കണം അത് (സങ്കീർത്തനങ്ങൾ 122:1).

ആരാധിക്കുവാനുള്ള മനുഷ്യന്റെ ആഗ്രഹവും കഴിവും മുൻഗാമികളിൽനിന്നു "ഉരുത്തിരിഞ്ഞതല്ല"; മൃഗങ്ങൾക്ക് ആരാധിക്കുവാൻ കഴിയുകയില്ല. എങ്ങനെയായാലും തിരുവെഴുത്ത് മൃഗങ്ങളെയും മനുഷ്യരെയും വേർതിരിച്ചു നിർത്തിയിരിക്കുകയാണ്:

> മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ, ദൈവമേ എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംക്ഷിക്കുന്നു. എന്റെ ആത്മാവ് ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായി തന്നെ ദാഹിക്കുന്നു; ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും? (സങ്കീർത്തനങ്ങൾ 42:1, 2).

മാനിന്റെ ശാരീരികമായ ദാഹമാണ് അതിനെ വെള്ളത്തിനരികിലേക്ക് പോകുവാൻ പ്രേരിപ്പിക്കുന്നത്, എന്നാൽ മനുഷ്യന്റെ ആത്മിയ ദാഹമാണ് "രക്ഷയുടെ ഉറവയിൽനിന്നു സന്തോഷത്തോടെ വെള്ളം കോരുമാറാക്കുന്നത്" (യെശയ്യാവ് 12:3).

മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള വ്യത്യാസം കാണിക്കുന്ന മറ്റൊരു ഉദാഹരണമാണ് സങ്കീർത്തനങ്ങൾ 84:3:

> കുരികിൽ വീടും മീവൽ പക്ഷി കുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു.

എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവേ
നിന്റെ യാഗപീഠങ്ങളെ തന്നെ.

ആരാധകൻ, ദൈവാലയത്തിൽനിന്നും ദൂരെയായിരുന്നു, എന്നാൽ പക്ഷികൾ ദൈവാലയത്തിനകത്ത് കയറിയിരുന്നതിനാൽ അവന് അവയോട് അസൂയ തോന്നിയിരുന്നു. അവനും അവിടെ വസിക്കുവാൻ ആഗ്രഹിക്കുന്നു എന്നാണ് പറഞ്ഞത്:

എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു
മോഹിച്ചുപോകുന്നു;
എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി
ഘോഷിക്കുന്നു (സങ്കീർത്തനങ്ങൾ 84:2).

നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ!
അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും, സേലാ
(സങ്കീർത്തനങ്ങൾ 84:4).

അപ്പോൾ, ദൈവത്തെ സ്തുതിക്കുന്നത് ആരാധനയാണ്. അത് മനുഷ്യാത്മാവ് ദൈവാത്മാവിലേക്ക് നീങ്ങുന്നതാണ്. അത് ആരാധകന് സൃഷ്ടികർത്താവിനെ ആദരിക്കുന്നതിനുള്ളതാണ്. അത് അനുമോദനമാണ്. "ഞാൻ നിന്റേതാണ്, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് പറയുന്നതാണ് അത്.

അടുത്ത പ്രാവശ്യം വിശുദ്ധന്മാർ കൂടിവരുന്നത് നോക്കി പാർക്കുന്നതാണ് അത്. ദാവീദിന്റെ കാലത്ത് ആളുകളെ ആലയത്തിലേക്ക് ക്ഷണിച്ച യെഹൂദന്മാർ കൂടി വന്നതുപോലെയാണ് നാമും (സങ്കീർത്തനങ്ങൾ 122:1). സഭായോഗം നഷ്ടമാകുമ്പോൾ ക്രിസ്ത്യാനി ദുഃഖിക്കുകയാണ് (സങ്കീർത്തനങ്ങൾ 84:2).

സൃഷ്ടിയുടെ മഹത്വം മനസിൽ നിറഞ്ഞ്, "ദൈവത്തിനു മാത്രമെ പ്രപഞ്ചത്തെ സൃഷ്ടിക്കുവാൻ കഴിയു!" എന്നു പ്രഖ്യാപിക്കുന്ന പ്രതികരണം ആരാധനയാണ്. ആരാധനയുടെ സത്ത അപാരവും അദൃശ്യവുമാണ്. "അവൻ എത്ര വലിയവൻ!" എന്നു പാടുന്ന ഒരാളുടെ മനസിൽ അനുമോദനവും ആദരവും, ചിന്തയിലും, വികാരത്തിലും പ്രകടിപ്പിക്കുകയാണ്.

**മനസിന്റെ**

ആരാധന മനുഷ്യാത്മാവും (ആന്തരികവും, അദൃശ്യവും, അളക്കുവാൻ കഴിയാത്തതും, നിത്യവുമാണ്; സെഖര്യാവ് 12:1; മത്തായി 22:32) ദൈവികാത്മാവും ചേർന്നതാകയാൽ, അത് ഭൗതികമായ ഒന്നല്ല. അതു മനസിന്റെ വിചാരവും, സഹജമായ വികാരവും ഉൾക്കൊള്ളുന്ന ആദരവും ബഹുമാനവുമാണ്. ഒരു ആരാധകന്റെ മനസിലെ ഭൗതികമായവ അകമ്പടി മാത്രമാണ്. ആരാധനയിൽ *ഉൾപ്പെടുന്നതിൽ*, തല കുമ്പിട്ടുകൊണ്ടാ*കാം*/അല്ലെങ്കിൽ പ്രാർത്ഥിക്കുമ്പോൾ ശരീരം ഉപയോഗിക്കും, ദൈവത്തെ പാടി സ്തുതിക്കുമ്പോൾ ചുണ്ടുകൾ ഉപയോഗിക്കും. കർത്തൃമേശ എടുക്കുമ്പോഴും ധർമ്മശേഖരം നൽകുമ്പോഴും നമ്മുടെ കൈകൾ ഉപയോഗിക്കും. ആ പ്രവൃത്തികളെല്ലാം ബാഹ്യവും ഭൗതികവുമാണ്, എന്നാൽ ആരാധന മാത്രമെടുത്താൽ അത് ആന്തരികവും മാനസികവുമാണ്.

ആളുകൾ തങ്ങളുടെ വായ് കൊണ്ട് സ്നേഹിക്കുകയും ഹൃദയം പണത്തിൽ ഊന്നുകയും ചെയ്യുമ്പോൾ അവർ ദൈവത്തെ ആരാധിക്കുന്നില്ല (യെഹസ്കേൽ 33:31). വിരലുകൾക്കോ വായ്ക്കോ തിരിച്ചറിയുവാൻ കഴിയാത്തതാണ് ക്രിസ്തുവിന്റെ ശരീരം (1 കൊരിന്ത്യർ 11:29; കെജെവി). ആളുകൾക്ക് തങ്ങളുടെ ഹൃദയം അവരിൽനിന്നകന്നിരിക്കുമ്പോൾ തന്നെ അവരുടെ ചുണ്ടുകൾകൊണ്ട് ദൈവത്തെ ആദരിക്കും, അത് ദൈവം അറിയുകയും ചെയ്യും (മത്തായി 15:8). അപ്പോൾ ആരാധനയുടെ ഹൃദയം എന്നു പറയുന്നത് ആരാധകന്റെ ഹൃദയമാണ്.

**ബാഹ്യവും സത്തയും**

ആരാധന മുഴുവൻ ആന്തരികമായിരിക്കുമ്പോൾ തന്നെ, ചില ഭൗതികവും ബാഹ്യവുമായ പ്രവൃത്തികൾ ആരോധനയോടുകൂടി വരുന്നുണ്ട്. ചരിത്രപരമായി നോക്കിയാൽ, ഒരു ആരാധകൻ തന്റെ മനസിൽ തോന്നുന്നതാണ്, ശരീരം കുമ്പിട്ട് ബാഹ്യമായി പലപ്പോഴും ചെയ്യുന്നത്. തീർച്ചയായും, ആരാധനയെ കുറിക്കുന്നതിന് മിക്കവാറും ഉപയോഗിച്ചിരിക്കുന്ന എബ്രായ വാക്ക്, *ഷാഖാ* എന്നാണ്, അർത്ഥം "കുമ്പിടുക" എന്നാണ്. സാറായെ അടക്കുന്നതിന് അബ്രഹാം ഒരു സ്ഥലം വാങ്ങിയപ്പോൾ, "അബ്രഹാം എഴുന്നേറ്റു ആ ദേശക്കാരായ ഹിത്യരെ നമസ്ക്കരിച്ചു [*ഷാഖാ*] അവരോട് സംസാരിച്ചു" (ഉൽപത്തി 23:7). അതേ വാക്ക് തന്നെയാണ് അബ്രഹാം ആന്തരികമായി ദൈവത്തെ നമസ്ക്കരിക്കുവാൻ കുമ്പിടുന്നതിനെ വിവരിച്ചു പറയുമ്പോഴും ഉപയോഗിച്ചിരിക്കുന്നത്. അബ്രഹാം തന്റെ ബാല്യക്കാരോട്, പാളയത്തിൽ കാത്തിരിക്കുവാൻ ആവശ്യപ്പെട്ട്, അവൻ പറഞ്ഞു, "നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ, ഞാനും ബാലനും അവിടത്തോളം ചെന്നു ആരാധന [*ഷാഖാ*] കഴിച്ച് മടങ്ങി വരാം" (ഉൽപത്തി 22:5).

അതുപോലെ, ആരാധനക്ക് അധികവും ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് *പ്രോസ്ക്കുനെയോ* എന്നാണ്, ആദ്യം അർത്ഥം (നിശ്ചയം കൂടാതെ) "ചുംബിക്കുക." പുരാതന പാർസികൾ, അവരുടെ മുട്ടിന്മേൽ നിന്നുകൊണ്ടാണ് രാജാവിന്റെ കൈയ്യോ, കാലോ അല്ലെങ്കിൽ ചെരിപ്പോ, അല്ലെങ്കിൽ വസ്ത്രത്തിന്റെ അഗ്രമോ ചുംബിക്കുന്നത്. ക്രമേണ *പ്രോസ്കുനെയോ* പ്രവൃത്തി മാനസികമായ ആരാധനാ പ്രവൃത്തിയായി മാറി. സത്യാരാധകർ "ദൈവത്തെ നമസ്ക്കരിക്കേണ്ടത് [*പ്രോസ്കുനെയോ*] സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം [*പ്രോസ്കുനെയോ*]" എന്നു പറയുമ്പോൾ ഭൗതികമായതിനെ പിന്നെ ഓർമ്മിക്കുന്നതേയില്ല (യോഹന്നാൻ 4:23).[3]

ശാരീരിക കുമ്പിടലും (മർക്കൊസ് 15:19-ൽ പിലാത്തോസിന്റെ പ്രാകാരത്തിൽ വെച്ച് സൈന്യം യേശുവിന്റെ മുമ്പിൽ ചെയ്തതുപോലെ) വാസ്തവത്തിലുള്ള ചുംബനവും (മത്തായി 26:49-ൽ യൂദാ ചെയ്തതുപോലെ) ഹൃദയത്തിൽ ബഹുമാനമില്ലാതെ ചെയ്യുന്നതാണെങ്കിൽ അത് കാപട്യമാണ്. ഏഹൂദിന്റെ സംഭവം ഒരാൾക്ക് ചിത്രീകരിക്കാം, ഒരു ചുരിക വലത്തെ തുടയിൽ ഒളിച്ചുവെച്ച് എഗ്ലോൻ രാജാവിനു കാഴ്ച്ചയുമായി പുഞ്ചിരിച്ചുകൊണ്ട് അവനെ കൊല്ലുവാൻ ചെന്നു (ന്യായാധിപന്മാർ 3:14-23). പുറമെയുള്ള ബഹുമാനപ്രകടനങ്ങൾ ആദരവോ ആരാധനയോ ആണെന്ന് പറയുവാൻ സാധ്യമല്ല. ഹൃദയത്തിൽ ആന്തരിക കുമ്പിടൽ നടക്കുന്നതുവരെ നമസ്ക്കാരം സംഭവിക്കുന്നില്ല.

അപ്പോൾ ആരാധനയുടെ സത്ത, പുറമെയുള്ള ഒന്നുമല്ല, ആരാധനയുടെ "അഞ്ചു പ്രവൃത്തികളെ" പറയുന്നതിൽ എനിക്ക് തെറ്റു സംഭവിച്ചിട്ടുണ്ട് കാരണം, ഞാൻ ആരാധനയെ ഭൗതികമായ പ്രവൃത്തിയായിട്ടാണ് കണ്ടിരുന്നത്. "ആരാധനയുടെ" അർത്ഥം തന്നെ ഞാൻ മനസിലാക്കിയിരുന്നില്ല. അധരഫലമെന്ന പാട്ടുപാടൽ മാത്രം ആരാധന ആകുന്നില്ല; മറിച്ച് അത് ഹൃദയത്തിൽ നടക്കുന്ന ആരാധനയെ പിൻപറ്റുന്നതാണ് (എബ്രായർ 13:15; 1 കൊരിന്ത്യർ 14:15). ആരാധന തന്നെ എടുത്താൽ അത് ആന്തരികമാണ്.

കർത്തൃമേശയിൽ നിന്നും ഒരാൾ പങ്കെടുക്കുമ്പോൾ അയാളുടെ കയ്യും വായും ഉപയോഗിക്കുന്നു, എന്നാൽ ഹൃദയത്തിൽ നാം കർത്താവിന്റെ മുറിവേറ്റ ശരീരവും ശരീരത്തിൽനിന്നൊഴുകിയ രക്തവും സ്മരിച്ച് സ്തോത്രം ചെലുത്തുകയാണ് (1 കൊരിന്ത്യർ 11:29). ആരാധന തികച്ചും ആന്തരികമാണ്.

പാട്ടുപാടുന്നതും കർത്തൃമേശ ആചരിക്കുന്നതും പോലെയാണ് ആരാധനയുടെ മറ്റു മൂന്നു "പ്രവൃത്തികളും." പുറമെയുള്ള ഒന്നും ആരാധനയല്ല - പ്രാർത്ഥനയായാലും, ധർമ്മശേഖരമായാലും, ബൈബിൾ പഠനം പോലും. അഞ്ച് "ആരാധനാ പ്രകടനങ്ങളെ," അഥവാ അഞ്ചു"ആരാധനയെ അനുഗമിക്കുന്ന പ്രവൃത്തികളെ" പഠിക്കുവാൻ ശ്രമിച്ചിരുന്നു. അവസാനം ഞാൻ ആരാധനയുടെ സത്ത മനസിലാക്കുവാൻ ശ്രമിച്ചു.

അബ്രഹാമിന്റെ ഭൃത്യൻ നാഹോർ പട്ടണത്തിനു പുറത്തുള്ള ഒരു കിണറ്റിനരികിൽ വൈകുന്നേരം, നമസ്ക്കരിച്ചു. നിങ്ങൾ അപ്പോൾ, അവിടെ ഉണ്ടായിരുന്നെങ്കിൽ, അത് നിങ്ങൾ അറിയുമായിരുന്നില്ല. കാരണം അവൻ മുട്ടുകുത്തിയില്ല, കൈകൾ ആകാശത്തേക്ക് ഉയർത്തിയില്ല, അവന്റെ കണ്ണുകൾ അടച്ചിരുന്നില്ല, വാക്കുകൾ പുറത്തുവന്നില്ല, ചുണ്ടുകൾ അനങ്ങിയതുമില്ല; എന്നാൽ അവൻ തന്റെ ഹൃദയത്തിൽ ദൈവത്തോട് പ്രാർത്ഥനയിൽ സംസാരിക്കുകയും ആരാധിക്കുകയും ചെയ്തു (ഉൽപത്തി 24:12-14). അപ്പോൾ, ആരാധന ആന്തരിക വിചാരമാണ് - സ്വർഗസ്ഥനായ ദൈവവുമായ ആത്മിയ കൂട്ടായ്മയാണ് അത്.

## ആരാധന എന്തല്ല

### "നാം ചെയ്യുന്നതെല്ലാം" അല്ല

ക്രിസ്ത്യാനികൾ ചെയ്യുന്നതെല്ലാം ദൈവത്തെ മഹത്വപ്പെടുത്തുവാനാണെന്ന് ചിലർ പഠിപ്പിക്കുന്നു (1 കൊരിന്ത്യർ 10:31), അവന്റെ ജീവിതം മതപരവും ലൗകികവുമെന്ന് വ്യത്യാസപ്പെടുത്തുന്നില്ല. ആ ഉപദേഷ്ടാക്കന്മാർ പഠിപ്പിക്കുന്നത് നാം ചെയ്യുന്നതെല്ലാം ആരാധനയാണ് എന്നത്രെ.

ആ അർത്ഥ-വത്തായ ഉപദേഷ്ടാക്കന്മാർ റോമർ 12:1 ന്റെ വിവിധ വ്യാഖ്യനങ്ങളാൽ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്: "... നിങ്ങൾ ബുദ്ധിയുള്ള *ആരാധനയായി* നിങ്ങളുടെ ശരീരങ്ങൾ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" (കെജെവി; എംഫസിസ് മൈൻ). എൻഏഎസ്ബി, എൻ ആർഎസ്വി, എൻഐവി എന്നിവ "സേവനം" എന്ന വാക്ക് നീക്കം ചെയ്തു പകരം "ആരാധന" എന്നു മാറ്റിയിരിക്കുന്നു. അതുകൊണ്ട് ക്രിസ്തീയ സേവനങ്ങൾക്ക് അവരുടെ ശരീരങ്ങൾ ഉപയോഗിക്കുന്നതിനാൽ, അവർ ചെയ്യുന്നതെല്ലാം ആരാധനയാണെന്ന് പറയുന്നു.

അവർ 100-ശതമാനവും യേശുവിനു സമർപ്പിക്കപ്പെടുകയാണെങ്കിൽ,

അവർ പറയുന്നത് ശരിയാണ്."നിങ്ങൾ തിന്നാലും, കുടിച്ചാലും, എന്തു ചെയ്താലും, ദൈവമഹത്വത്തിനായി ചെയ്വിൻ" (1 കൊരിന്ത്യർ 10:31); "തങ്ങൾക്കു വേണ്ടിയല്ല, തങ്ങൾക്കു വേണ്ടി മരിച്ചുയർത്തെഴുന്നേറ്റവന്നായി" ജീവിക്കുവാൻ ക്രിസ്ത്യാനികളെ നിർബ്ബന്ധിക്കുന്നത് ക്രിസ്തുവിന്റെ സ്നേഹ മാണ് (2 കൊരിന്ത്യർ 5:14, 15). ക്രിസ്ത്യാനിക്ക് ഭാഗിക-സേവനം നടത്തുവാൻ സാധ്യമല്ല; അയാൾ പകലും-രാത്രിയിലും പ്രവർത്തിക്കുന്നവനാണ്, ഈ ജീവിതത്തിൽ വിരമിക്കലില്ല. അവൻ തന്നെത്തന്നെ മറക്കുന്നു. കർത്താവ് പ റഞ്ഞത്, തനിക്കുള്ളതെല്ലാം വിട്ടുകളഞ്ഞില്ല എങ്കിൽ, അവന്റെ ശിഷ്യനാകു വാൻ സാധ്യമല്ല എന്നാണ് (ലൂക്കൊസ് 14:33).

നേരെ മറിച്ച്, ആരാധനയുടെ സത്ത ഒരാളുടെ മനസിലെ ചിന്തയാണ് എങ്കിൽ, ഹൃദയപൂർവ്വമായ വികാരമാണെങ്കിൽ - ഭൗതികമായുള്ളവ അതിനോട് ബന്ധപ്പെട്ടിരിക്കുന്നവയാണെങ്കിൽ, നാം ചെയ്യുന്നതെല്ലാം ആരാധ നയല്ല. റോമർ 12:1-ൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് (*ലാട്രെയോ*) ചില പ്പോൾ ശരിയായി "ആരാധന" എന്ന് ഉപയോഗിച്ചിട്ടുണ്ട് (എബ്രായർ 10:2-ൽ ആ വാക്കിന്റെ മറ്റൊരു രൂപമായി "ആരാധകർ" എന്ന് ഉപയോഗിച്ചതായി കാണാം.) എങ്ങനെയായാലും, ആ വാക്ക് മാത്രം "സേവിക്കുക" എന്ന അർത്ഥ ത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. സേവനം ദൈവത്തോടായാലും മനുഷ്യ രോടായാലും ശരിയാണ്. (ഒരു *ലാട്രിസ്* ശമ്പളത്തിനാക്കിയ ഭൃത്യനാണ്; *ലാട്രോൺ*, അർത്ഥമാക്കുന്നത് "ശമ്പളത്തിനാക്കുക." "ശമ്പളം നൽകുക" എന്നാണ്.) ചിലപ്പോൾ വാക്കുകളുടെ വകഭേദം ആയുഷ്ക്കാലമുള്ള ദൈവ സേവനമെന്നും അർത്ഥമാക്കുന്നു (പ്രവൃത്തികൾ 24:14; എബ്രായർ 12:28).

റോമർ 12:1 ന്റെ സന്ദർഭം വ്യക്തമാക്കുന്നത് ഒരാൾ ശരീരത്തെ ജീവനു ള്ള യാഗമായി സമർപ്പിക്കണമെന്നാണ്. ആ യാഗം ആയുഷ്ക്കാല സേവനമാ ണ്, അല്ലാതെ ധ്യാനമല്ല (അത് ആരാധനയാണ്). ക്രിസ്ത്യാനികളെ ദൈവം വിളിച്ചിരിക്കുന്നത് ഇരുപത്തി-നാല് മണിക്കുറുള്ള ദിവസവും ദൈവത്തെയും മനുഷ്യരെയും സേവിക്കുന്നതിനാണ്, എന്നാൽ ഒരു ദിവസത്തിൽ ഇരുപത്തിനാ ല് മണിക്കൂറും ആരാധനയിൽ (ധ്യാനം) ഏർപ്പെടുന്നത് അസാധ്യമാണ്. അത്തരം വ്യക്തി പ്രയോജനമില്ലാത്തവനാകും; അയാൾക്ക് പ്രായോഗികമായി ഒരു നന്മയും കൈവരിക്കുവാൻ സാധ്യമല്ല. അയാൾ ആരാധിക്കുകയല്ലാതെ മറ്റൊന്നും ചെയ്യുന്നില്ലെങ്കിൽ, അയാൾക്ക് ജോലി ചെയ്യുവാനോ ആഹാരം കഴിക്കുവാനോ സാധ്യമല്ല.

### തുടർന്നുള്ളതല്ല

തുടർന്നുകൊണ്ടിരിക്കുന്ന പ്രക്രിയയല്ല ആരാധന. അബ്രഹാം മലയുടെ മുകളിലേക്ക് ആരാധനക്കായി കയറിപ്പോയി, പിന്നെ, ആരാധനക്കുശേഷം അവൻ പർവ്വതത്തിന്റെ അടിയിലുള്ള പാളയത്തിലേക്ക് ഇറങ്ങി ചെന്നു (ഉൽപത്തി 22:1-5).

ഏഴ് ദിവസം, ദാവീദ് മരിച്ചുകൊണ്ടിരുന്ന തന്റെ മകന്റെ ജീവന്നു വേണ്ടി പൂഴിയിലിരുന്ന് ഉപവസിച്ചു പ്രാർത്ഥിച്ചു (2 ശമുവേൽ 12:15-20). കുട്ടി മരിച്ചു എന്ന് രാജാവ് മനസിലാക്കിയപ്പോൾ, രാജാവ് "നിലത്തു നിന്നെഴുന്നേറ്റു കുളിച്ചു തൈലം പൂശി വസ്ത്രം മാറി യഹോവയുടെ ആലയത്തിൽ ചെന്നു നമസ്ക്കരിച്ചു" (വാക്യം. 20). അവൻ കുളിച്ചതും, വസ്ത്രം മാറിയതും, ദൈവാലയത്തിലേക്ക് നടന്നതും - എല്ലാം ആരാധനക്കു മുൻപുള്ള പ്രവൃത്തി

കളായിരുന്നു. ആരാധനാ സമയശേഷം അവൻ തിരിച്ചു വീട്ടിലേക്ക് പോയി ആഹാരം കഴിച്ചു. അവന്റെ ആരാധന തുടർന്നുകൊണ്ടിരുന്നില്ല, അതുപോലെയാണ് നമ്മുടെ ആരാധനയും.

"യെരുശലേമിൽ ആരാധിക്കുവാനായി" ഒരു ഷണ്ഡൻ അഞ്ഞൂറു മൈലോളം യാത്ര ചെയ്യുകയും (പ്രവൃത്തികൾ 8:27), പിന്നെ അവൻ വീട്ടിലേക്ക് തിരിച്ചുപോകുകയും ചെയ്തു. അവന്റെ ആരാധനക്കു മുൻപും അതിനുശേഷവും ദീർഘയാത്ര ചെയ്തിരുന്നു. ആരാധന നിർത്തടയാളമുള്ളതാണ്; അതിന് ഒരു ആരംഭവും അവസാനവുമുണ്ട്. ഷണ്ഡന്റേതുപോലെ അത് ആരംഭിക്കയും അവസാനിക്കയും, പിന്നെയും ആരംഭിക്കയും ചെയ്യുന്നു.

**സേവനം പോലെ അല്ല**

"ആരാധനക്കായി പ്രവേശിക്കുകയും സേവനത്തിനായി വിട്ടുപോകയും ചെയ്യുക" എന്ന ഒരു ബോർഡ് പണ്ട് ഒരു ആരാധനാലയത്തിന്റെ വാതിൽക്കൽ തൂക്കിയിരുന്നു. ആ ആശയം ഇപ്പോഴും ശരിയാണ്. ചിലപ്പോൾ യേശു ഏകനായി പ്രാർത്ഥിച്ചു (നമസ്ക്കരിച്ചു) (മർക്കൊസ് 1:35), മറ്റു ചിലപ്പോൾ അവൻ പരസ്യമായി പ്രാർത്ഥിച്ചു (നമസ്ക്കരിച്ചു) (മത്തായി 15:35, 36). എങ്ങനെയായാലും, അവൻ ആരാധനക്കുമപ്പുറം ചെയ്തു; അവൻ "നന്മ ചെയ്തുകൊണ്ടിരുന്നു" (പ്രവൃത്തികൾ 10:38).

ആരാധന ദൈവത്തോടുള്ള സേവനമാണ്, "ആരാധനക്ക് പോകുന്നു" എന്നു പറയുന്നതിൽ തെറ്റുമില്ല. എങ്ങനെയായാലും, എല്ലാ സേവനവും ആരാധനയല്ല. നിലം ഉഴുതൽ, ഗിത്താർ വായന, ഭക്ഷണം കഴിക്കൽ എന്നിവ ആരാധനയല്ല.

ആരാധന ലംബമായിട്ടുള്ളതാണ് - ദൈവത്തിലേക്ക് അയക്കുന്ന പുകഴ്ച്ചയാണ്. സേവനം ചക്രവാളത്തിന് സമാന്തരമാണ് - കൈകൾ നീട്ടി മറ്റുള്ളവരെ സഹായിക്കുന്നതു അതാണ്. ഒരാളുടെ കുടുംബത്തിലെ കുട്ടികളെ വളർത്തുവാൻ സഹായിക്കുക, രോഗബാധിതരെ ആശ്വസിപ്പിക്കുക, അല്ലെങ്കിൽ അവധി ചെലവഴിക്കുക തുടങ്ങിയവ ആ ഗണത്തിൽ പെടും (1 തിമൊഥെയൊസ് 5:8, 10; മർക്കൊസ് 6:31). എങ്ങനെയായാലും, അത്തരം പ്രവൃത്തികൾ ആരാധനയല്ല. വൈപരീത്യം ഇങ്ങനെ കാണിക്കാവുന്നതാണ്:

**ഉപസംഹാരം**

| ആരാധന | ശുശ്രൂഷ |
|---|---|
| ദൈവത്തിലേക്ക് - യോഹ. 4:24; പ്രവൃ. 17:24, 25 | മനുഷ്യരിലേക്ക് - ഗലാ. 5:13; എബ്രാ 6:10 |
| ഒരു ചിന്ത - സങ്കീ. 95:4 | ഒരു പ്രവൃത്തി - എഫെ. 4:28 |
| ആന്തരികം - പ്രവൃ. 17:25 | ബാഹ്യം - ലൂക്കൊ. 10:33–35 |
| ലംബമായ - സങ്കീ. 95:6; യോഹ. 17:1 | സമാന്തരം - മത്താ. 10:42 |
| നിർത്തുന്ന - ഉൽപ. 22:5 2 ശമു. 12:20 | സമയബന്ധിതമോ നിർത്തുന്നതോ - പ്രവൃത്തി. 6:2; 1 തിമൊ. 5:10 |
| അഞ്ചു അനുബന്ധപ്രവൃത്തി - പ്രവൃ. 2:42; എഫെ. 5:19 | ഒരായിരം പ്രവൃത്തികൾ - തിത്തൊ. 3:1; ഗലാ. 6:9 |

ഓ, പരസ്യാരാധനയുടെ ലാളിത്യവും സൗന്ദര്യവും! ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ അപ്പം നുറുക്കുവാൻ കൂടിവരുന്നു - ഒരു ദൃശ്യവും ഭൗതികവുമായ പ്രവൃത്തി - എന്നാൽ അവരുടെ ഹൃദയത്തിൽ തങ്ങളുടെ കർത്താവിന്റെ ശരീരത്തിൽകൂടെ ഒഴുകിയ രക്തത്തെ വേർതിരിച്ചറിയുന്നു (1 കൊരിന്ത്യർ 11:29; കെജെവി).

അവർ തങ്ങളുടെ വായ് തുറന്നു സ്വർഗസ്ഥനായ പിതാവിനെ സ്തുതിക്കുന്നു (എബ്രായർ 13:15). അത് കാണുന്നവർക്ക് "പുറമെയുള്ള പ്രത്യക്ഷതയാണ് ദൃശ്യമാകുന്നത്, എന്നാൽ കർത്താവ് അവരുടെ ഹൃദയങ്ങളെയാണ് നോക്കുന്നത്" (1 ശമുവേൽ 16:7). അവർ സന്തോഷത്തോടെ, സ്വയമായി തങ്ങളുടെ-ദാനങ്ങൾ കർത്താവിനു നൽകും (2 കൊരിന്ത്യർ 9:7), വിദ്വാന്മാർ പോലും ശിശുവായ യേശുവിന് അവർ പൊന്നും, മൂരും, കുന്തിരുക്കവും കാഴ്ച്ച വെച്ചതു മുട്ടിന്മേൽ നിന്നുകൊണ്ടായിരുന്നു (മത്തായി 2:11).

വിദ്വാന്മാർ കുനിഞ്ഞതോ, കാഴ്ച്ച കൊണ്ടുവെച്ചതോ ആരാധനയല്ല-അവ ആരാധനയുടെ അനുബന്ധപ്രവൃത്തികളായിരുന്നു. പ്രാർത്ഥന ധൂപവർഗമായി ദൈവത്തിലേക്ക് ഉയരുമ്പോൾ, മിക്ക ക്രിസ്ത്യാനികളും തങ്ങളുടെ കണ്ണുകൾ അടക്കും, എന്നാൽ അവർ കണ്ണ്-അടക്കുന്നത് ആരാധനയല്ല. ആരാധകനെ ദൈവത്തോട് സംസാരിക്കുവാൻ സഹായിക്കുന്ന ഒരു പ്രവൃത്തി മാത്രമാണ് അത്.

---

കുറിപ്പുകൾ

[1]"*വെയോർത്സിപ്പേ*" എന്ന ആംഗ്ലോ-സാക്സൺ വാക്കിൽനിന്നു രൂപഭേദം സംഭവിച്ചു വന്നതാണ് ഇംഗ്ലീഷിലെ "വർഷിപ്" എന്ന വാക്ക്, *വെയോർത്* എന്നും അർത്ഥം "വിലയുള്ള" എന്നാണ്, *സിപേ* എന്നും അർത്ഥം "ഷിപ്" എന്നും ചേർന്നതാണ്; അതുകൊണ്ട്, "മാന്യതയും ബഹുമാനവും ഒരു വ്യക്തിക്കു വിലയുള്ളതാണ്." [2]*വെബ്സ്റ്റേഴ്സ് ന്യു വേൾഡ് കോളേജ് ഡിക്ഷ്ണറി,* 3 ഡ് എഡി. (1997), എസ്. വി. "വർഷിപ്." [3]ശാരീരിക പ്രകടനം കൂടാതെ ഒരാൾക്ക് ആരാധിക്കാമെന്ന് ഞാൻ വിശ്വസിക്കുന്നു. ശാരീരികമായ ഒരു പ്രകടനവും കൂടാതെ ഒരാളുടെ ഹൃദയത്തിൽ ക്രിസ്ത്യാനിക്ക് *പാടാമെന്ന്* പൗലൊസ് വിശ്വസിക്കുന്നു (എഫെസ്യർ 5:19). അവരുടെ *സാലോ-യിങ്* പാട്ടിനോട് (*എയിഡോ*) അനുബന്ധമായി വരുന്നതാണ്, സത്യം, എന്നാൽ പൗലൊസ് എഫെസ്യർ 5:19-ൽ സാലോ-ഉപയോഗിച്ചതുപോലെ, *സാലോയും എയിഡോയും* രണ്ട് വേറിട്ട പ്രവൃത്തികളും, ഒന്നു മറ്റൊന്നിനെ കൂടാതെയുള്ളതുമാണ്. സാലോ യിൽ ജന്മസിദ്ധമായ ഒന്നുമില്ല, പെറുക്കിയെടുക്കൽ മാത്രമെയുള്ളു. ഒരാൾ ഒരു ആശാരിയുടെ തോത് എടുത്താലും, ആലങ്കാരികമായി ഒരാളുടെ ഹൃദയത്തിൽ ഒരു വീണയുടെ കമ്പി എടുത്താലും, ആ വാക്ക് അതു പറയുന്നില്ല. അതുപോലെ, ഒരാൾ ആരാധിക്കുമ്പോൾ അയാളുടെ ശാരീരിക പ്രവൃത്തികൾ അതിനോടനുബന്ധിച്ച് ഉണ്ടായാലും ഇല്ലെങ്കിലും, ആ വാക്കിൽ *ഷാഖാ* എന്നും *പ്രോസ്കുനെയോ* എന്നും പറയുന്നില്ല.

# ക്രിസ്ത്യാനികൾ എങ്ങനെ പാടും

## ഹ്യൂഗോ മെക്കോർഡ്

*"ഞാൻ ആത്മാവ് കൊണ്ടും പാടും* [സാലോ] *ബുദ്ധികൊണ്ടും പാടും* [സാലോ]*" (1 കൊരിന്ത്യർ 14:15).*

ദൈവത്തെ പാടി സ്തുതിക്കുവാൻ ക്രിസ്ത്യാനികളോട് കൽപിച്ചിരിക്കുന്നു. യാക്കൊബ് 5:13 പറയുന്നു, "സുഖം അനുഭവിക്കുന്നവൻ പാട്ടു പാടട്ടെ." സുഖം അനുഭവിക്കുന്ന ക്രിസ്ത്യാനി *സാലോ* പാടട്ടെ. എന്താണ് അതിനർത്ഥം?

### വാക്കിന്റെ അർത്ഥം

*സായോ* എന്ന ഗ്രീക്ക് വാക്ക് ശക്തിപ്പെടുത്തുന്നതാണ് *സാലോ* എന്ന വാക്ക്, അർത്ഥം "സ്പർശിക്കുക" എന്നാണ്. *സൂക്കോ* എന്ന വാക്കിനോട് സദൃശമായ വാക്കാണ് "തിരുമ്മുക" എന്നത് (ലൂക്കൊസ് 6:1). ബൈബിളിനു പുറത്തുള്ള ഉപയോഗത്തിന് പല അർത്ഥങ്ങളാണുള്ളത്, അതിൽ "എടുക്കുക," (ഒരു ആശാരിയുടെ തോത്); "വലിക്കുക," (മുടി); "മുട്ടുക," (ഉമിനീർ പുറത്തേക്ക് കളയുക, അതായത് കഫം തുപ്പുക); "ഞാണൊലി കേൾപ്പിക്കുക," (കമ്പി മീട്ടുക); "വായിക്കുക" (ഒരു വീണ); "പാടുക" ഞാണൊലി കേൾപ്പിക്കുന്ന നാമമായും ഉപയോഗിക്കും, "വലിക്കുക" എന്ന അർത്ഥത്തിലും. "സങ്കീർത്തനം പാടുന്നതിനും" ഉപയോഗിക്കുന്നു.

പഴയനിയമത്തിൽ ചുരുങ്ങിയത് എട്ട് രീതിയിൽ ഉപയോഗിച്ചിരിക്കുന്നു (സെപ്ത്വജിന്റ്, അല്ലെങ്കിൽ എൽ എക്സ് എക്സ്):

(1) "വായിക്കുക" (ഒരു വീണ; സങ്കീർത്തനങ്ങൾ 33:3);

(2) ഉപകരണം ഉപയോഗിച്ചു, ഉദാഹരണമായി വീണ അല്ലെങ്കിൽ കിന്നരം (ദാനിയേൽ 3:5);

(3) വായനയാലുണ്ടാകുന്ന ശബ്ദം, ഒരു സ്വരം (ആമോസ് 5:23);

(4) സംഗീതക്കാർ അല്ലെങ്കിൽ വായിക്കുന്ന വാദ്യോപകരണക്കാർ (സങ്കീർത്തനങ്ങൾ 68:25);

(5) "പാടുക" (കിന്നരത്തോടുകൂടി, പത്തു-കമ്പിയുള്ള വീണയോടുകൂടി, കിന്നരവും, കുഴലും, തമ്പുരുവും,/നൃത്തവും ഉൾപ്പെട്ടിരിക്കുന്നു; സങ്കീർത്തനങ്ങൾ 33:2; 57:9; 71:22; 92:3; 149:3);

(6) "പാടുക" (എന്നാണ് മിക്കവാറും പറഞ്ഞിരിക്കുന്നത്; ന്യായാധിപന്മാർ 5:3; സങ്കീർത്തനങ്ങൾ 7:17; 9:2, 11; 13:6; 18:49; 21:13; 27:6; 30:4, 12; 47:6, 7; 59:17; 66:2, 4; 68:4; 75:9);

(7) "പാട്ടുകാർ" (എസ്രാ 7:24);

(8) ഒരു പാട്ട് ആയി പാടുന്നതോ, അല്ലെങ്കിൽ സങ്കീർത്തനങ്ങൾ ആലപിക്കുന്നതോ (സങ്കീർത്തനങ്ങൾ 95:2).

പുതിയനിയമത്തിൽ *സാലോ*യുടെ വിവിധ രൂപങ്ങൾ പന്ത്രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. എങ്ങനെയായാലും, വെളിപ്പാട് 5:8; 14:2; 15:2 എന്നീ വാക്യങ്ങളിൽ വീണയോടുകൂടിയ പാട്ടിനെയാണ് പറഞ്ഞിരിക്കുന്നത്, അവിടെ *സാലോ* എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല. അതിനു പുറമെ, ഭൂമിയിലെ സഭയെ

കുറിച്ചല്ല ആ വേദഭാഗ സന്ദർഭം. അവിടെ പറയുന്ന യാഗപീഠം, പുക, നാല് ജീവികൾ എന്നിവ അക്ഷരികമായി എടുക്കാവുന്നതല്ല.

പഴയനിയമത്തിൽ *സാലോ* ഉപയോഗിച്ചതിന്റെ അർത്ഥം നമുക്ക് പുതിയ നിയമത്തിൽ കാണാം. സങ്കീർത്തനങ്ങൾ അല്ലെങ്കിൽ ഗീതങ്ങൾ എന്ന രീതിയിൽ ഏഴ് പ്രാവശ്യം കാണാം (ലൂക്കൊസ് 20:42; 24:44; പ്രവൃത്തികൾ 1:20; 13:33; 1 കൊരിന്ത്യർ 14:26; എഫെസ്യർ 5:19; കൊലൊസ്യർ 3:16). നാല് പ്രാവശ്യം "പാടുക" എന്ന അർത്ഥത്തിലുണ്ട് (റോമർ 15:9 [സങ്കീർത്തനങ്ങൾ 18:49 ഉദ്ധരിച്ചിരിക്കുന്നു]; 1 കൊരിന്ത്യർ 14:15 [രണ്ട് പ്രാവശ്യം]; യാക്കൊബ് 5:13). *സാലോ* എന്നത് "പാടുക" എന്ന അർത്ഥത്തിൽ പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നതാണ് പ്രവൃത്തികൾ 16:25 ഉം എബ്രായർ 2:12; 13:15 ഉം.

"പ്ലെയിംങ്" എന്ന് ഉപയോഗിച്ചിരിക്കുന്നത് എഫെസ്യർ 5:19-ൽ ഒരിക്കൽ മാത്രമാണ്, എന്നാൽ അത് അക്ഷരികമല്ല. പഴയനിയമത്തിലേതുപോലെ, അക്ഷരികമായിരുന്നുവെങ്കിൽ, ഉപയോഗിക്കേണ്ട വാദ്യങ്ങളുടെ പേർ പറയുമായിരുന്നു (സങ്കീർത്തനങ്ങൾ 71:22 [എൽഎക്സ്എക്സ് 70:22]; ദാനിയേൽ 3:5; ആമോസ് 5:23). എഫെസ്യർ 5:19 അക്ഷരികമായതിനു പകരം ആലങ്കാരികമായാണ് പറഞ്ഞിരിക്കുന്നത്: ഹൃദയം. പഴയനിയമത്തിൽ ദാവീദ് വീണയുടെ കമ്പി മീട്ടിയതുപോലെ, ക്രിസ്ത്യാനികൾ ഹൃദയം മീട്ടിയാണ് പാടുന്നത്.

## അർത്ഥം മാറിയിട്ടുണ്ടോ?

എഫെസ്യർ 5:19-ൽ *സാലോ* ഉപയോഗിക്കാതെ *എയിഡോ* ഉപയോഗിച്ചിരിക്കുന്നതിനാൽ, *സാലോ* എന്നതിന്റെ അർത്ഥം "പാട്ടിൽ" മാറ്റം വന്നിരിക്കുകയാണ് ഏ. ഡി. ഒന്നാം നൂറ്റാണ്ടിൽ, അതായത് "പാട്ടിന്റെ" അർത്ഥത്തിൽ. അവിടെ *സാലോ* എന്നതിനർത്ഥം, "ഹൃദയം കൊണ്ട് വായിക്കുക" എന്നാണ്; അത് ആലങ്കാരിക വായനയാണ്, അതു തർജിമ ചെയ്തിരിക്കുന്നത് "പാടുക" എന്നാണ്. ഏ. ഡി. ഒന്നാം നൂറ്റാണ്ടിൽ ജോസെഫസ് *സാലോ* എന്ന വാക്ക് ഉപയോഗിച്ചത്, "വീണ വായിച്ചുകൊണ്ടിരിക്കൽ"[1] എന്ന അർത്ഥത്തിലാണ്. അതുകൊണ്ട്, ഒരു എഴുത്തുകാരന് ഏതു നൂറ്റാണ്ടിലും ഏതൊരർത്ഥത്തിലും ആ വാക്ക് ഉപയോഗിക്കാമായിരുന്നു.

## ഭൗതികമായ ഒരു ഉപകരണം ആവശ്യമുണ്ടോ?

എഫെസ്യർ 5:19-ൽ "സങ്കീർത്തനങ്ങൾ" പറഞ്ഞിരിക്കുന്നതിനാൽ വീണയുടെ കമ്പികളും ഉപയോഗിക്കാമെന്നാണ് ചിലർ പറയുന്നത്. അത് ശരിയാണെങ്കിൽ, പുതിയനിയമത്തെ മാനിക്കുന്നവർക്ക് യാന്ത്രികമായ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ഒരു തിരഞ്ഞെടുപ്പ് ഇല്ല എന്നു വരുന്നു. അങ്ങനെ വരുമ്പോൾ അവർ അത് ഉപയോഗിക്കുകയും, നൂറു ദശലക്ഷത്തോളം വരുന്ന ഗ്രീക്ക് കത്തോലിക്കരെ അത് ഉപയോഗിക്കുവാൻ പഠിപ്പിക്കയും വേണം (എഫെസ്യർ 5:19 അവർ ഗ്രീക്കിൽ ഉപകരണസംഗീതം ത്യജിക്കുകയും ചെയ്തവരാണ്), *സാലോ* യിൽ ഉപകരണസംഗീതവും ഉൾപ്പെടുന്നു എന്നവകാശപ്പെടുന്നവർക്ക് ഗ്രീക്കുകാർക്ക് "സങ്കീർത്തനങ്ങൾ" എന്ന വാക്കിന്റെ അർത്ഥം അറിയില്ല എന്നു പറയേണ്ടി വരും (ഗ്രീക്ക് ക്രിയയിൽനിന്നാണ് *സാലോ* എടുത്തിരിക്കുന്നത്).

ഒരു വേദഭാഗത്ത്, ഒരു ഉപകരണം ഉപയോഗിച്ചതായി പറയുന്നുണ്ടെങ്കി

ലും, അത് ദാവീദ് 1 ശമുവേൽ 16:16, 23-ൽ *ഉപയോഗിച്ച ഉപകരണസംഗീത മായിരുന്നില്ല.* ക്രിസ്ത്യാനിയുടെ ഹൃദയമാണ് പുതിയനിയമത്തിലെ ഉപകരണം (എഫെസ്യർ 5:19). പഴയനിയമത്തിൽ *സാലോ* വിവരിക്കുന്നത്, ദാവീദ് വീണ എടുത്ത്, വായിച്ചിരുന്നതുപോലെ, പുതിയനിയമത്തിൽ *സാലോ* വിവരിക്കുന്നത്, ക്രിസ്ത്യാനികൾ ഹൃദയം, എടുത്താണ്, സ്പർശിക്കുന്നത്. "നിങ്ങളുടെ ഹൃദയത്തിൽ പാടി (കെജെവി) സാലോ സ്തുതിപ്പിൻ [*എയിഡോ*]" "ഹൃദയത്തോടുകൂടി പാടി സ്തുതിപ്പിൻ" (ഏഎസ്‌വി) എന്നിവ നല്ലതും മനോഹരവുമാണ്, എന്നാൽ "ഹൃദയത്തിൽ പാട്ടു പാടുന്നതാണ്" *സാലോ*യുടെ സ്പർശിക്കുന്ന പ്രവൃത്തി.

എഫെസ്യർ 5:19 ആലങ്കാരികമായി ഹൃദയ കമ്പികൾ മീട്ടുന്നതാണെന്ന ആശയത്തെ ചിലർ എതിർക്കുന്നു, അവർ പറയുന്നത് "ഹൃദയത്തിൽ" എന്നു പറയുന്നത് "ഹൃദയപൂർവ്വം" ആണെന്നാണ്. എങ്ങനെയായാലും, ആലങ്കാരികമായി ഹൃദയ കമ്പികൾ എടുക്കുന്നില്ലെങ്കിൽ, അക്ഷരികമായി എന്തെങ്കിലും എടുക്കണം. അപ്പോൾ പിന്നെ, അക്ഷരികമായി എന്തെടുക്കുവാനാണ് ആവശ്യപ്പെടുന്നത്? വീണയുടെ കമ്പിയാണ് അക്ഷരികമായി എടുക്കുന്നതെങ്കിൽ, പുതിയനിയമസഭയോ, സഭാപിതാക്കന്മാരോ ഉപയോഗിക്കാതിരുന്നതിന്റെ കാരണം അവർ വിശദമാക്കണം.

## ചരിത്ര സാക്ഷ്യം

ജെയിംസ് ഡബ്ല്യു. മെക്കിനോം, ഇൻ *ദ ചർച്ച് ഫാദേഴ്സ് ആന്റ് മൂസിക്കൽ ഇൻസ്ട്രമെന്റ്സ്*[2] എന്ന പുസ്തകത്തിൽ പറയുന്നത്, പ്രാരംഭസഭ വാമൊഴിയാലുള്ള പാട്ടുകൾ മാത്രമാണ് പാടിയിരുന്നതെന്നും, പിതാക്കന്മാർ ഉപകരണസംഗീതത്തെ എതിർത്തിരുന്നു എന്നുമാണ്. അതുകൊണ്ട് എഫെസ്യർ 5:19 അക്ഷരിക വീണമീട്ടലാണെന്നതു തള്ളിക്കളയണം; അപ്പോൾ പിന്നെ ആലങ്കാരിക ഹൃദയകമ്പികൾ മീട്ടുന്നതിലേക്ക് തന്നെ തിരിച്ചുവരണം.

## അത് ജാതീയമാണോ?

"പാട്ട് പാടൽ" എന്ന പ്രയോഗം ജാതിയമാണെന്നും, അതിൽ വാമൊഴിയായ പാട്ടും ഉപകരണസംഗീതവും ഉൾപ്പെടുന്നു എന്നും ചിലർ പറഞ്ഞിട്ടുണ്ട്. അത് ഇംഗ്ലീഷ് പ്രയോഗത്തിൽ ശരിയാണ്, പക്ഷെ അത് *സാലോ*യുടെ കാര്യത്തിൽ ശരിയല്ല. *സാലോ*യുടെ സന്ദർഭത്തിലെ അർത്ഥം, "വായിക്കുക," അല്ലെങ്കിൽ "പാടുക" എന്നാണ് - എന്നാൽ ആ വാക്കിന് ഒരേസമയം രണ്ട് അർത്ഥം വരുവാൻ സാധ്യതയില്ല.

മിക്ക ലെക്സിക്കൻ *സാലോ*യുടെയും നിർവ്വചനം "പാടുക" എന്നാണ് (അതുപോലെ തന്നെ പരക്കെ ഉപയോഗിക്കുന്ന പുതിയനിയമ തർജിമകളിലും) അതിന്റെ നാല് ഉപയോഗങ്ങളിലുമതെ:

> ... ക്രിസ്തു ദൈവത്തിന്റെ സത്യം നിമിത്തം പരിഛേദനക്ക് ശുശ്രൂഷകനായിത്തീർന്നു എന്നും ജാതികൾ ദൈവത്തെ അവന്റെ കരുണ നിമിത്തം മഹത്വീകരിക്കേണമെന്നും പറഞ്ഞു ഞാൻ നിന്നെ സ്തുതിക്കും [*സാലോ*] (റോമർ 15:9).

> ആകയാൽ എന്ത്? ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; ബുദ്ധി

കൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടു പാടും [*സാലോ*], ബുദ്ധി കൊണ്ടും പാടും [*സാലോ*] (1 കൊരിന്ത്യർ 14:15).

... സുഖം അനുഭവിക്കുന്നവൻ പാട്ടു [*സാലോ*] പാടട്ടെ (യാക്കോബ് 5:13).

എല്ലാ ക്രിസ്ത്യാനികൾക്കും ദൈവപദ്ധതിയിൽ, രണ്ട് പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു: (1) പുറമെയുള്ളതും, കേൾക്കാവുന്നതും, "അധര ഫലങ്ങൾ" (എബ്രായർ 13:15) – അതായത്, "പാട്ടുപാടൽ" (2) ആന്തരികവും, അദൃശ്യവും "ഹൃദയത്തിൽ പാട്ടു പാടൽ" – അതായത് ഹൃദയ കമ്പികൾ മീട്ടൽ (എഫെസ്യർ 5:19).

ദൈവ-പദ്ധതിയായ ഈ രണ്ട് പ്രവൃത്തികൾ വേർപിരിക്കുവാനാവാത്ത താണ്. ഹൃദയം ബന്ധപ്പെടാതെയുള്ള പാട്ടിനെ ഖണ്ഡിച്ചിരിക്കുന്നു. അത്തരം പാട്ടിനെ കുറിച്ചുള്ള പിതാവിന്റെ വീക്ഷണത്തെ യേശു ഉദ്ധരിച്ചിരിക്കുന്നു:

കപടഭക്തിക്കാരേ, "ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു. മാനുഷകൽപ നകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥ മായി ഭജിക്കുന്നു എന്നിങ്ങനെ പ്രവചിച്ചിരിക്കുന്നത് ഒത്തിരിക്കുന്നു" (മത്തായി 15:7-9).

**ഉപസംഹാരം**

എല്ലാ ക്രിസ്ത്യാനികളും പാടുകയാണെങ്കിൽ ഏക ഗാനവും ക്വയറും നീക്കം ചെയ്തിരിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും ആന്തരികമായും അദൃശ്യ മായും ഹൃദയത്തിൽ പാട്ടു പാടുകയാണെങ്കിൽ, ബാഹ്യമായ ഉപകരണങ്ങൾ നീക്കം ചെയ്തിരിക്കുന്നു.

---

കുറിപ്പുകൾ

[1]ജോസെഫസ്, *ആന്റിക്വിറ്റീസ്* 6.8.2. [2]ജെയിംസ് ഡബ്ലിയു. മെക്കിനോം, "ദ ചർച്ച് ഫാതേഴ്സ് ആന്റ് മൂസിക്കൽ ഇൻസ്ട്രമെന്റ്സ്" (ഡോക്ട്രിനൽ ഡിസേർടേഷൻ, കൊളമ്പിയ യൂണിവേഴ്സിറ്റി, 1965).

# ആരാധനയിൽ ഉപകരണ സംഗീതം: നാല് ദൈവകൽപനകളുടെ ലംഘനം

## ഹൂഗോ മെക്കോർഡ്

പുതിയനിയമാരാധനയിൽ ഉപകരണസംഗീതം ഉപയോഗിക്കുമ്പോൾ പുതിയനിയമത്തിലെ നാല് തത്വങ്ങൾ അവർ തള്ളിക്കളയുകയാണ്:

### വിശ്വാസത്തിന്റെ പ്രമാണം

"വിശ്വാസം കേൾവിയാലും," കേൾവി "ക്രിസ്തുവിന്റെ വചനത്താലും" വരുന്നു (റോമർ 10:17). വചനപ്രകാരമാണ് നാം പാട്ടു പാടുന്നതും, പ്രാർത്ഥിക്കുന്നതും, തിരുവെഴുത്ത് വായിക്കുന്നതും, ധർമ്മശേഖരം നടത്തുന്നതും, കർത്തൃമേശ ആചരിക്കുന്നതും (1 കൊരിന്ത്യർ 11:26; 16:1, 2; കൊലൊസ്യർ 3:16; 4:16; 1 തിമൊഥെയൊസ് 2:1, 2). "എഴുതിയിരിക്കുന്നതിനപ്പുറം ഭാവിക്കരുത്" എന്ന് വിശ്വാസപ്രമാണം ക്രിസ്ത്യാനികളെ വിലക്കിയിരിക്കുന്നു (1 കൊരിന്ത്യർ 4:6; ഏഎസ്‌വി). "ക്രിസ്തുവിന്റെ ഉപദേശത്തിൽനിന്നും അതിർകടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല" എന്ന് നമ്മെ മുന്നറിയിച്ചിരിക്കുന്നു (2 യോഹന്നാൻ 9; എൻഐവി).

### ആരാധനയുടെ പ്രമാണം

സ്വീകാര്യമായ ആരാധന (1) ഒരാളുടെ ഹൃദയത്തിൽ നല്ല മനോഭാവത്തോടുകൂടിയായിരിക്കണം (യോഹന്നാൻ 4:24); (2) സത്യത്തോട് യോജിക്കുന്നതായിരിക്കണം (അതായത്, ദൈവവചനം; യോഹന്നാൻ 4:24; 16:13; 17:17; കൊലൊസ്യർ 3:17); (3) "മനുഷ്യ കൽപനകൾ" ഉപേക്ഷിക്കണം (മത്തായി 15:9).

### ഐക്യതയുടെ പ്രമാണം

''ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ'' കാക്കുന്നത് (എഫെസ്യർ 4:3) വിശുദ്ധമാണ് ("ആദ്യം നിർമ്മലവും, പിന്നെ സമാധാനവും"; യാക്കൊബ് 3:17), അത് "ക്രിസ്തുവിന്റെ ഉപദേശത്തിലാണ്" (2 യോഹന്നാൻ 9; യോഹന്നാൻ 12:48 നോക്കുക). ക്രിസ്തുവിന്റെ ഉപദേശം പ്രശ്നമാകാതിരിക്കുമ്പോൾ, ഐക്യതയുടെ പ്രമാണം ക്രിസ്ത്യാനികളെ യോജിപ്പിൽ ഒന്നിക്കുവാൻ ആഹ്വാനം ചെയ്യുന്നു, "കൈപ്പും, വാദവും, ഭിന്നതയും," "ജഡത്തിന്റെ പ്രവൃത്തികളാണ്" (1 കൊരിന്ത്യർ 1:10; ഗലാത്യർ 5:19, 20).

### സ്നേഹത്തിന്റെ പ്രമാണം

"സഹോദരപ്രീതി നിലനിൽക്കട്ടെ" (എബ്രായർ 13:1; കെജെവി). "ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവന്റെ ഗുണം കൂടെ നോക്കട്ടെ" എന്ന വചനം നിറ

വേറ്റുകയാണ് നിർവ്യാജമായ സഹോദരപ്രീതി ആചരിക്കുമ്പോൾ (ഫിലിപ്പിയർ 2:4). 1859-ൽ സ്വരമാധുര്യം പുറപ്പെടുവിക്കുന്ന ഒരു യന്ത്രം കൊണ്ടുവന്നു ആരാധനയിൽ ഉപയോഗിച്ചപ്പോൾ കെന്റക്കിയിലെ മിഡ്വേയിൽ സഹോദരപ്രീതി നഷ്ടപ്പെട്ടു, കുറെ ക്രിസ്ത്യാനികൾ വിട്ടുപോകുവാൻ അവരെ അത് നിർബ്ബന്ധിച്ചു. മറ്റു ക്രിസ്ത്യാനികളുമായുള്ള കൂട്ടായ്മയേക്കാൾ ഒരു യന്ത്രോപകരണത്തിന്റെ മാധുര്യം അദ്ധ്യക്ഷന്മാർ ഇഷ്ടപ്പെട്ടു. ആ ഉപകരണം ഇന്ന് മിഡ്വേ കോളേജിന്റെ വായനശാലയിൽ കാഴ്ച്ചക്കു വെച്ചിരിക്കയാണ്, ആദരണിയമായ ഒരു സ്ഥലത്താണ് വെച്ചിരിക്കുന്നത് - സ്നേഹത്തിന്റെ പ്രമാണം ലംഘിച്ചതിന്റെ സ്മരണയായിട്ടാണ് അവിടെ വെച്ചിരിക്കുന്നത്.

> "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു" എന്നു പറകയും സഹോദരനെ പകെക്കയും ചെയ്യുന്നവൻ കള്ളനാകുന്നു; താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കേണം എന്നീ കൽപന നമുക്ക് ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്നു (1 യോഹന്നാൻ 4:20, 21).

# കർത്തൃമേശ എപ്പൊഴൊക്കെ ആചരിക്കേണം?

ശരിയായി കർത്തൃമേശ എടുക്കേണ്ടതിനെ കുറിച്ചാണ് പലപ്പോഴും ചോദ്യങ്ങൾ ഉയർന്നിട്ടുള്ളത്. എല്ലാ ആഴ്ച്ചയിലും ആവർത്തിച്ച് കർത്തൃമേശ എടുക്കുന്നത് അതിനെ നിസാരവൽക്കരിക്കുകയാണെന്ന് ചിലർ വിചാരിക്കുന്നു, പക്ഷെ പാട്ടു പാടുന്നതിനെ കുറിച്ചും, പ്രാർത്ഥിക്കുന്നതിനെ കുറിച്ചും, പ്രസംഗിക്കുന്നതിനെ കുറിച്ചും, ധർമ്മശേഖരത്തെ കുറിച്ചും ആളുകൾ അങ്ങനെ പറഞ്ഞു കേൾക്കുന്നുമില്ല. ദൈവവചനം എല്ലാ ആഴ്ച്ചയിലും പ്രസംഗിക്കുന്നത് വചനത്തെ നിസാരവൽക്കരിക്കുകയാണെന്ന് ഒരു ഉപദേഷ്ടാവും പറഞ്ഞു ഞാൻ കേട്ടിട്ടില്ല. ഏതൊരു വാദമായാലും അതിന് സ്ഥിരതയില്ലെങ്കിൽ അത് ബലഹീനമായി പോകും. ആരാധനയുടെ ഏതൊരു പ്രകടനം നിസാരവൽക്കരിച്ചാലും അത് ആവർത്തനത്തേക്കാൾ ആരാധകന്റെ മനോഭാവത്തെയാണ് തെളിയിക്കുന്നത്.

ഏതു കാര്യത്തിലും പുതിയനിയമം നിലവാരമായി എടുക്കുകയാണെങ്കിൽ, തീർച്ചയായും സഭയുടെ ആരാധനയുടെ കാര്യത്തിലും നാം അത് എടുക്കണം. ആരാധന എല്ലാ ക്രിസ്ത്യാനികളുടേയും ദൈവത്തോടുള്ള ശരിയായ പ്രതികരണമാണ് ആരാധനയിലെ പ്രവൃത്തികൾ. അപ്പൊസ്തലന്മാരുടെ ഉപദേശമാണ് ആദ്യ ക്രിസ്ത്യാനികൾ തങ്ങളുടെ ആരാധനയിൽ സ്വീകരിച്ചിരുന്ന നിർദ്ദേശങ്ങൾ. എല്ലാ തെളിവുകളും സൂചിപ്പിക്കുന്നത്, അവർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കുവാൻ കൂടിവന്നിരുന്നു എന്നാണ് – അതായത്, കർത്തൃമേശ ആചരിക്കുവാൻ. പൗലൊസും സഹയാത്രികരും യാത്ര ചെയ്തു ത്രോവാസിലെത്തി, സഭ കൂടിവരുന്നതുവരെ അവർ ഒരാഴ്ച്ച അവിടെ താമസിച്ചു (പ്രവൃത്തികൾ 20:7). യെഹൂദ്യയിലെ സഹോദരന്മാരുടെ മുട്ടു തീർക്കുവാൻ, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മശേഖരം നടത്തുവാനാണ് പൗലൊസ് കൊരിന്തിലുള്ളവരോട് പറഞ്ഞത്, കാരണം അവർ കൂടി വന്നിരുന്നത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു (1 കൊരിന്ത്യർ 16:1, 2). ശരിയായി കർത്തൃമേശ എടുക്കുന്നതിനെ കുറിച്ച് നിർദ്ദേശങ്ങൾ അവൻ അവർക്ക് കൊടുത്തിരുന്നു (അദ്ധ്യായം 11), കർത്താവിന്റെ ഓർമ്മ പെരുന്നാൾ ആചരിക്കുന്നതിനായിരുന്നു അവർ കൂടിവന്നിരുന്നത് എന്ന് സ്പഷ്ടം. ആഴ്ച്ചയിൽ ഒരിക്കൽ, എല്ലാ ഞായറാഴ്ച്ചയും കൂടിവന്നില്ലെങ്കിൽ, അവർക്ക് പതിവായി ആരാധിക്കുവാനും കഴിയുമായിരുന്നില്ല, അപ്പോൾ പിന്നെ, കർത്തൃമേശയിൽനിന്നു പതിവായി പങ്കെടുക്കുവാനും കഴിയുമായിരുന്നില്ല. ആദ്യ ക്രിസ്ത്യാനികൾ മറ്റൊരു വിധത്തിൽ ചെയ്തതായി നമുക്ക് ഒരു തെളിവുമില്ല. അവർ അപ്പൊസ്തലന്മാരുടെ നിർദ്ദേശം പാലിച്ചിരുന്നു, നാമും അത് പാലിക്കണം.

# അവന്റെ വചനം മുഖാന്തരം ദൈവത്തോടുകൂടെ ആകൽ

ദൈവത്തോടുകൂടെ *ആകൽ* എന്ന ആശയം പലപ്പോഴും പ്രാവർത്തികമാകുന്നത് കർത്തൃമേശയിൽനിന്നു പങ്കെടുക്കുമ്പോഴാണ്. പ്രാർത്ഥനയും ദൈവത്തോടുള്ള ആശയവിനിമയമാണ് എന്നു നാം ശ്രദ്ധിച്ചു. എങ്ങനെയായാലും, വായനയോ പ്രസംഗമോ ഇല്ലാതെ ആരാധനയുടെ ചക്രം പൂർണ്ണമാകുന്നില്ല. നമ്മോട് ആശയവിനിമയം ചെയ്യുവാൻ ദൈവം തിരഞ്ഞെടുത്തിരിക്കുന്ന ഏറ്റവും പ്രകടമായ വഴിയാണ് ഇത്. പാട്ടിലും, പ്രാർത്ഥനയിലും നാം ദൈവത്തോട് സംസാരിക്കുകയാണ്. വചനം മുഖാന്തരം, ദൈവം നമ്മോട് സംസാരിക്കുന്നു. ജിമ്മി ലിവിഡെൻ പറഞ്ഞു, "പ്രാർത്ഥനയിൽ നാം ആരാധിക്കുമ്പോൾ, നമ്മുടെ ഹൃദയാഭിലാഷങ്ങൾ ദൈവത്തോട് പ്രകടിപ്പിക്കുന്നു. വചനം കേൾക്കുന്ന ആരാധന ദൈവത്തിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ നാം സ്വീകരിക്കുകയാണ്."[1]

ദൈവത്തിന്റെ സുവാർത്ത അറിയിക്കുന്നതാണ്, പ്രസംഗം. ആരാധനയിലെ പ്രസംഗത്തിന്റെ വില വർഷങ്ങളായി മനസിലാക്കി വരികയാണെന്ന് ആന്റി ടി. റിച്ചി സമ്മതിക്കയുണ്ടായി. പ്രസംഗം എന്നതിന്റെ ഗ്രീക്ക് വാക്ക്, *കെരിഗ്മാ,* അർത്ഥം "വിളംബരം ചെയ്യുക," "പ്രഖ്യാപിക്കുക," "അറിയിക്കുക" എന്ന് തിരിച്ചറിഞ്ഞതിന്റെ ഫലമായിരുന്നു അത് (മത്തായി 12:41; 1 കൊരിന്ത്യർ 1:21; 2 തിമൊഥെയൊസ് 4:17.) അദ്ദേഹം എഴുതി, "*കെരിഗ്മാ* മനോഭാവത്തിൽ, ആരാധനയുടെ സന്ദേശ 'കാര്യങ്ങളായ' കർത്തൃമേശ, പാട്ടു പാടൽ എല്ലാവരേയും പണിയുവാനും, ബോധ്യമാക്കുവാനും, ഉറപ്പിക്കുവാനും സഹായിക്കുന്നതാണ് പ്രസംഗസന്ദേശവും."[2]

പ്രവചിക്കുന്നതുപോലെ, പ്രസംഗവും, അന്യോന്യം സംസാരിക്കുന്നതാണ്. "വിശാലമായ അർത്ഥത്തിൽ, നിയമപരമായ ഏതൊരു ഉപദേഷ്ടാവും പ്രവാചകനാണ്."[3] ആരാധനയിൽ കൂടിവരുന്ന തന്റെ ജനത്തോട് സംസാരിക്കുവാൻ ദൈവം തിരഞ്ഞെടുത്ത മാർഗമാണ് പ്രസംഗം. അതുകൊണ്ട്, ഉപദേഷ്ടാക്കന്മാർ തങ്ങളുടെ പങ്ക് ദൈവവചനം അറിയിക്കുക എന്നതാണെന്ന് തിരിച്ചറിഞ്ഞ്, ആരാധകരെ ദൈവത്തിലേക്ക് തിരിക്കുവാനാണ് ശ്രമിക്കേണ്ടത്. മറ്റൊരു ഉദ്ദേശം വെച്ചുള്ള പ്രസംഗം ആരാധനാ നടപടിയുടെ എതിരാണ്. ഉപദേഷ്ടാവ് ദൈവത്തിന്റെ ദാസനായിരിക്കുകയും, ദൈവസന്ദേശം അദ്ദേഹം അറിയിക്കയും ചെയ്യുമ്പോൾ, ദൈവം തന്റെ വചനം പ്രഖ്യാപിക്കുവാൻ ഉപദേഷ്ടാവിന്റെ ശബ്ദം ഉപയോഗിക്കുന്നു. സഭായോഗം ദൈവത്തിന്റെ സന്ദേശം അറിയിക്കുന്നതു കേൾക്കുകയും, അതിനോട് ശരിയായി പ്രതികരിക്കയും ചെയ്യുമ്പോൾ, അവർ ദൈവത്തെ ആദരിക്കുന്നു. അതാണ് ആരാധന! വചനം കേൾക്കുകയും കൈക്കൊള്ളുകയും ചെയ്തുകൊണ്ട്, ആരാധകൻ

ദൈവവുമായി ആശയവിനിമയം നടത്തുകയാണ്.

---

കുറിപ്പുകൾ

[1]ജിമ്മി ലിവിഡെൻ, *മോർ ദാൻ ഏ ഫീലിങ്ങ്: വർഷിപ് ദാറ്റ് പ്ലീസസ് ഗോഡ്* (നാഷ്‌വിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1999), 121. [2]ആന്റ്റി ടി. റിച്ചി ജൂനിയർ., *ദൗ ഷാൽ വർഷിപ് ദ ലോർഡ് ദൈ ഗോഡ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1969), 77. [3]ഇബിഡ്, 79.